# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2478**      **07/02/2019-ൽ മറുപടിയ്ക്ക്**

## കേരള ബാങ്ക് ജീവനക്കാരുടെ സീനിയോറിറ്റി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. സണ്ണി ജോസഫ്<br>,, വി.പി.സജീന്ദ്രൻ<br>,, കെ.എസ്.ശബരീനാഥൻ<br>,, വി.ഡി.സതീശൻ** | | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | കേരള ബാങ്ക് രൂപീകരണത്തിന് മുന്നോടിയായി ജില്ലാ സഹകരണ ബാങ്കുകളെ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിക്കുന്നതിനുള്ള മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ടോ; പ്രസ്തുത രൂപരേഖയിലെ പ്രധാന നിർദ്ദേശങ്ങൾ എന്തൊക്കെയാണ്; | (എ) | കേരള ബാങ്ക് രൂപീകരണത്തിന് Reserve Bank നിർദ്ദേശിച്ചിട്ടുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയുള്ള മാർഗ്ഗരേഖ തയ്യാറാക്കി വരികയാണ്. |
| (ബി) | ലയനശേഷമുള്ള ജീവനക്കാരുടെ സീനിയോറിറ്റി സംബന്ധിച്ച് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) യും (സി) യും | ജില്ലാ സഹകരണ ബാങ്കുകൾ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിക്കുമ്പോൾ ജീവനക്കാരുടെ തസ്തിക ഏകീകരണം, സീനിയോറിറ്റി, പ്രൊമോഷൻ, സ്ഥലംമാറ്റം എന്നിവ ഉൾപ്പെടുത്തി ഒരു സമഗ്രമായ പദ്ധതി സർക്കാർ തയ്യാറാക്കുന്നതാണ്. കേരളാ ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ട് സംസ്ഥാന ജില്ലാ സഹകരണ ബാങ്ക് ജീവനക്കാരുടെ വിവിധ സംഘടനാ പ്രതിനിധികളുമായി രണ്ടു പ്രാവശ്യം (12/10/2018, 11/01/2019) ചർച്ച നടത്തിയിട്ടുള്ളതാണ്. എല്ലാ വിഭാഗം ജീവനക്കാരുടെയും ആശങ്കകൾ സർക്കാർ ഗൗരവമായി പരിശോധിക്കുന്നതാണ്. |
| (സി) | ഇത് സംബന്ധിച്ച് ജില്ലാ സഹകരണ ബാങ്കിലെ ജീവനക്കാർ പ്രകടിപ്പിച്ച ആശങ്ക ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; | | |

| | | | |
|---|---|---|---|
| (ഡി) | കേരള ബാങ്ക് രൂപീകരണം സംബന്ധിച്ച് നബാർഡ് മുന്നോട്ട് വച്ചിട്ടുള്ള നിർദ്ദേശങ്ങൾ സംബന്ധിച്ച് സർക്കാരിന്റെ നിലപാട് അറിയിക്കാമോ; പ്രസ്തുത നിലപാട് നബാർഡിനെ രേഖാമൂലം അറിയിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (ഡി) | കേരള ബാങ്ക് രൂപീകരണം സംസ്ഥാന സഹകരണ നിയമങ്ങൾക്കും ചട്ടങ്ങൾക്കും അനുസൃതമായി പൂർത്തീകരിക്കണമെന്നാണ് ആർ.ബി.ഐ. തത്വത്തിലുള്ള അംഗീകാരത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. സംസ്ഥാന സർക്കാർ അംഗീകരിച്ച സഹകരണ നിയമത്തിലും സഹകരണ തത്വത്തിലും ഉറച്ചുനിന്നു കേരള ബാങ്ക് യാഥാർത്ഥ്യമാക്കുന്നതാണ്. നബാർഡ് മുന്നോട്ടുവച്ചിട്ടുള്ള അധിക നിർദ്ദേശങ്ങളിലെ അപ്രായോഗികത നബാർഡിനെ രേഖാമൂലം അറിയിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ